പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1440 16.03.2015-ൽ മറുപടിക്ക്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവിന്റെ മാനദണ്ഡങ്ങളിൽ മാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാര മേറ്റതിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ പദ്ധതി ചെലവിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിരുന്നുവോ; | (എ) മാറ്റം വരുത്തിയിട്ടുണ്ട്. |
| (ബി) ഇതനുസരിച്ച് ഉൽപ്പാദന മേഖല, അടിസ്ഥാന സൗകര്യ വികസന മേഖല, സേവന മേഖല എന്നിവയിൽ ചെലവാക്കേണ്ടുന്ന തുക സംബന്ധിച്ച മാനദണ്ഡ ങ്ങളിൽ വരുത്തിയ മാറ്റം എന്താണ്; | (ബി) 16.11.2013-ലെ സ.ഉ(എം.എസ്) നം.362/13/തസ്വഭവ നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി മാർഗ്ഗ രേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗ ത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് ഗ്രാമ പഞ്ചായ ത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തു കൾക്കും പൊതുവിഭാഗം വികസന ഫണ്ടിന്റെ (അതായത് പൊതു വിഭാഗം, 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ) 45% ൽ അധികരിക്കാത്ത തുക പശ്ചാത്തല മേഖലയ്ക്കായി നീക്കി വയ്ക്കേണ്ട താണെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പാലിറ്റികൾക്കും കോർപ്പ റേഷനുകൾക്കും ഇത് 55% വും, ജില്ലാ പഞ്ചായത്തിന് 50% വും ആയിരിക്കും. ലോകബാങ്ക് ധന സഹായം ഒഴികെയുള്ള വികസന ഫണ്ടിൽ നിന്നും വനിതാഘടക പദ്ധതിയ്ക്ക് 10% തുകയും, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, പാലിയേറ്റീവ് കെയർ രോഗികൾ എന്നിവർക്കു വേണ്ടി 5% തുകയും നീക്കിവയ്ക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) ഇതിൽ ഉൽപ്പാദന മേഖല യ്ക്കായി 2012-13, 2013-14 എന്നീ വർഷങ്ങളിൽ നീക്കി വച്ച തുക എത്രയാണ്; എത്ര ചെലവഴിച്ചു; | (സി) വിശദാംശങ്ങൾ ചുവടെ ചേർത്തി രിക്കുന്നു |

| വർഷം | നീക്കിവച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2012-13 | 3634970159 | 2420671437 |
| 2013-14 | 4405373637 | 3245166461 |

| | |
|---|---|
| (ഡി) 2014-15 വർഷത്തിൽ ഏറ്റവും അവസാനം ലഭിച്ച കണക്ക് പ്രകാരം ഉൽപ്പാദന മേഖല യ്ക്ക് നീക്കിവച്ച തുകയിൽ എന്ത് തുക ചെലവഴിച്ചു; ഇത് ആകെ തുകയുടെ എത്ര ശതമാനം വരും? | വിശദാംശങ്ങൾ ചുവടെ ചേർത്തി രിക്കുന്നു |

| വർഷം | നീക്കിവച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2014-15 | 5151706984 | 2037838746 |

സെക്ഷൻ ഓഫീസർ